# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ


എം.എം.എൽ.പി. സ്ക്കൂൾ, കീഴയിൽ

വള്ളിക്കുന്ന് നോർത്ത്, പരപ്പനങ്ങാടി സബ്ജില്ല

ഫോൺ 04942470015

E-MAIL: mmlpskeezhayil@gmail.com


Scanned with OKEN Scanner

# സ്കൂൾ പ്രൊഫൈൽ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എം. എം. എൽ. പി. സ്കൂൾ കീഴയിൽ |
| വിലാസം | : വള്ളിക്കുന്ന് നോർത്ത്. പി.ഒ. കടലുണ്ടി നഗരം മലപ്പുറം ജില്ല. 673314 |
| ഫോൺ | : 9496877459 |
| സ്കൂൾ കോഡ് | : 19415<br>32051200306 |
| റവന്യൂ ജില്ല | : മലപ്പുറം |
| വിദ്യാഭ്യാസ ജില്ല | : പരപ്പനങ്ങാടി |
| ബി. ആർ. സി | : പരപ്പനങ്ങാടി |
| സി. ആർ. സി | : വള്ളിക്കുന്ന് |
| ബ്ലോക്ക് പഞ്ചായത്ത് | : തിരൂരങ്ങാടി |
| നിയമസഭാ മണ്ഡലം | : വള്ളിക്കുന്ന് |
| ലോക സഭാ മണ്ഡലം | : മലപ്പുറം |
| താലൂക്ക് | : തിരൂരങ്ങാടി |
| വില്ലേജ് | : വള്ളിക്കുന്ന് |
| ഇ മെയിൽ | : mmlps keezhayil@gmail.com |

Scanned with OKEN Scanner

# ആമുഖം

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഉപജില്ലയിൽ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കീഴയിൽ പ്രദേശത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കടലുണ്ടിപ്പുഴയിൽ നിന്നും ഏകദേശം 200 മീറ്റർ ഉയർന്നു നിൽക്കുന്ന സ്ഥാനത്തായതുകൊണ്ട് തന്നെ സദാസമയവും ഇളം കാറ്റിൽ കൂടി ആടിയുലയുന്ന തെങ്ങിൻ കൂട്ടങ്ങളും നെല്ലിമരങ്ങളും നിറഞ്ഞ സ്കൂൾ പറമ്പ് ആരെയും പെട്ടെന്ന് ആകർഷിക്കുന്നു. പണ്ട് കാലത്ത് ചൂടി നിർമ്മാണം മുഖ്യ തൊഴിലായിരുന്നു. കാലപ്രവാഹത്തിൽ ഇന്ന് താമസക്കാരിൽ ഏറെയും വിദേശ ജീവിതം നയിക്കുന്നവരും കെട്ടിട നിർമാണ തൊഴിലാളികളുമാണ്.

മുൻ വർഷങ്ങളിൽ ഏകദേശം 200ഓളം വിദ്യാർത്ഥികൾ വരെ ഈ എൽ. പി. സ്കൂളിൽ പഠിച്ചിരുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വരവോടെ സ്കൂളിന് അൽപം ക്ഷീണം സംഭവിച്ചു എങ്കിലും അടുത്ത കാലത്ത് അഡ്മിഷൻ കൂടി വരുന്നതായി കാണാം. ഇപ്പോൾ കുട്ടികൾ എട്ട് ഡിവിഷനുകളിലായി ഇവിടെ പഠിച്ചു കൊണ്ടിരിക്കുന്നു. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 9 അധ്യാപകർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. സ്കൂൾ മാനേജർ ശ്രീ ഹനീഫ പൊന്നച്ചൻ സ്കൂളിനാവശ്യമായ സഹകരണങ്ങൾ ചെയ്തു വരുന്നു.

മുൻ വർഷങ്ങളിൽ ഒരുപാട് നേട്ടങ്ങൾ അവകാശപ്പെടാനായിട്ടുണ്ട്. പാഠ്യ-പാഠ്യേതര മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. സബ്ജില്ലാ ശാസ്ത്രമേള, കായികമേള ജേതാക്കളായിട്ടുണ്ട്. വള്ളിക്കുന്ന് പ്രദേശത്തുതന്നെ അറിയപ്പെടുന്ന എൽ. പി. സ്കൂളിൽ ഒന്നാണ് കീഴയിൽ എം. എം. എൽ. പി. സ്കൂൾ.

Scanned with OKEN Scanner

ലക്ഷ്യങ്ങൾ

മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പാക്കുക

അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുക.

ഒന്നു മുതൽ 4 വരെ ഓരോ ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

വിദ്യാലയം പിന്നിട്ട വഴികൾ

മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് പഞ്ചായത്തിൽ 4-ാം വാർഡിൽ കീഴയിൽ ദേശത്ത് മമ്മദ്കോയ എന്നയാളുടെ ഓർമ്മയ്ക്കായി 1976ൽ സ്കൂൾ സ്ഥാപിതമായി കീഴയിൽ, ആനയാറങ്ങാടി, ലക്ഷം വീട് തുടങ്ങിയ സ്ഥലങ്ങളിലെ 3 അംഗൻവാടികളിലെ കുട്ടികളാണ് കൂടുതലായി ഇവിടെ പ്രവേശനം നേടുന്നത്

ഈ പ്രദേശത്ത് ആദ്യകാലത്ത് മദ്രസാ ബോർഡിന്റെ ഒരു പാഠശാല ഉണ്ടായിരുന്നു. ആ സ്കൂൾ നഷ്ടപ്പെടുകയും ഇവിടുത്തെ ജനങ്ങൾ പ്രത്യേകിച്ച് ചകിരി. ഇതിൽ തൊഴിലാളികൾ പ്രാഥമിക വിദ്യാഭ്യാസത്തിന് വളരെയേറെ പ്രയാസം നേരിടുകയും ചെയ്തു ഈ സാഹചര്യത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന നാടിന്റെ വിദ്യാഭ്യാസപരമായ വികസനത്തിന് ഒരു പാഠശാല അനിവാര്യമാണെന്ന തിരിച്ചറിവും

Scanned with OKEN Scanner

കൂട്ടായ്മയും ആണ് ഈ സ്ഥാപനം ഇവിടെ ഉണ്ടാകുവാനുള്ള കാരണം. ഇതിനു പിന്നിൽ പ്രവർത്തിച്ച വ്യക്തികളാണ് എം. വി. കുഞ്ഞുമുഹമ്മദ്, കെ. കേശവൻ മാസ്റ്റർ, ടി. അയ്യപ്പൻ എന്നിവർ.

ഈ സ്ഥാപനത്തിന്റെ ആദ്യകാല മാനേജർ പി. മുഹമ്മദ് കുട്ടിയും അദ്ദേഹത്തിന്റെ മരണാനന്തരം ശ്രീ. ഹനീഫ പൊന്നച്ചൻ ഇപ്പോഴത്തെ മാനേജരും ആണ്. ആദ്യകാല ഹെഡ്മാസ്റ്റർ എം. വി. മുഹമ്മദ് മാസ്റ്ററും അതിനുശേഷം ബി. ആനന്ദകുമാരി, എം. ഇന്ദിര അമ്മാൾ, ഭുവനേന്ദ്രൻ നായർ എന്നിവരും ആയിരുന്നു. ആദ്യകാലത്ത് ഓരോ ഡിവിഷനോടുകൂടിയാണ് ഈ സ്ഥാപനം പ്രവർത്തിച്ചത്. എന്നാൽ ഇന്ന് കുട്ടികളുടെ എണ്ണം കൂടുകയും ഏഴ് ഡിവിഷനിലായി ഹെഡ്മാസ്റ്റർ ഉൾപ്പെടെ എട്ടോളം സ്റ്റാഫ് അംഗങ്ങൾ പുരോഗതിക്കായി നാട്ടുകാരും പി.ടി.എയും നിരന്തരം പ്രവർത്തിക്കുന്നു.

അവസ്ഥാ വിശകലനം

ഏതാണ്ട് ഒരേക്കർ സെന്റ് വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന ഗവ. സ്കൂളിൽ ഒരു അറബി അധ്യാപകനടക്കം 8 പേർ ജോലി ചെയ്തു വരുന്നു. പുതുതായി നിർമിച്ച ഭക്ഷണപ്പുര എല്ലാവിധ സൗകര്യങ്ങളോടും കൂടിയുള്ളതാണ്. ഏകദേശം 207 കുട്ടികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്. വലിയ ഏറ്റക്കുറച്ചിലില്ലാതെ തന്നെ ഓരോ വർഷവും കുട്ടികൾ പ്രവേശനം നേടുന്നുണ്ട്.

ഐ.സി.ടി ഉപയോഗപ്പെടുത്തിയിട്ടുള്ള പഠനം കുട്ടികളിൽ കൂടുതൽ താത്പര്യം ഉളവാക്കുന്നുണ്ട്. അഞ്ച് കമ്പ്യൂട്ടറും ഒരു സ്മാർട്ട് ബോർഡും സ്കൂളിന് ലഭ്യമായി എന്നതും പറയത്തക്ക നേട്ടം തന്നെ. വിദ്യാലയ

Scanned with OKEN Scanner

ക്ലാസ് മുറികൾ, വിശാലമായ മൈതാനം, നെല്ലിമരങ്ങൾ, പ്രകൃതിദത്ത ഇരിപ്പിടങ്ങൾ, പ്രകൃതി രമണീയവും ശാന്തവുമായ സ്കൂൾ അന്തരീക്ഷം എന്നിവയെല്ലാം സ്കൂളിന്റെ സവിശേഷതകളാണ്.

അക്കാദമിക നേട്ടങ്ങൾ

* തുടർച്ചയായ LSS വിജയം
* പിന്നാക്ക വിഭാഗ പഠന പിന്നോക്കക്കാർക്കുള്ള പ്രത്യേക പരിശീലനം.
* പഞ്ചായത്ത് തല സബ് ജില്ലാ കായിക മേളയിൽ തുടർച്ചയായ വിജയം.
* 2017-18 വർഷത്തിൽ സബ് ജില്ലാ കായിക മേളയിൽ റിലേ 100 മീറ്റർ ഓട്ടം ഇവയിൽ ഒന്നാം സ്ഥാനം.

പരിമിതികൾ

* മികച്ച ലൈബ്രറി, ലാബ് ഇവയുടെ അഭാവം
* കലാ കായിക പ്രവർത്തി പരിചയ മേഖലകളിൽ അധ്യാപകർക്കുള്ള പരിശീലന ക്ലാസ്.

ഭൗതിക നേട്ടങ്ങൾ

- പുതുതായി നിർമിച്ച പാചകപ്പുര
- ഓഫീസ് റൂം വൈദ്യുതീകരണം.
- അടച്ചുറപ്പുള്ള ക്ലാസ്റൂമുകൾ - ടൈലിട്ട ഫ്ലോർ
- കലാകായിക മേഖലയിലെ മികവുകൾ
- ശുദ്ധജല വിതരണ സംവിധാനങ്ങൾ
- വിശാലമായ കളിസ്ഥലം, കമ്പ്യൂട്ടർ, സ്മാർട്ട് ബോർഡ്

പരിമിതികൾ

- ടോയ്‌ലറ്റ്
- ഓപ്പൺ ക്ലാസ് മുറികൾ
- ചുറ്റുമതിൽ
- പഠനോപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള അലമാരകൾ

Scanned with OKEN Scanner

# അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | പേര് | തസ്തിക | ആൺ/പെൺ | യോഗ്യത |
|---|---|---|---|---|
| 1 | സി. ഗീത | HM | F | T.T.C |
| 2 | ഷരീഫ. ടി.കെ | Arabic | F | Afsal-ul-ulama |
| 3 | പി. നൂർജഹാൻ | LPST | F | T.T.C, |
| 4 | പി. ജംഷീന | LPST | F | T.T.C |
| 5 | എം. നിഷ | LPST | F | T.T.C |
| 6 | ടി. ജിഷ്മി | LPST | F | T.T.C |
| 7 | എ.വി. ഷബീർ അലി | LPST | ~~F~~ M | D.EL.Ed |
| 8 | രേഖ. പി. | LPST | ~~M~~ F | T.T.C |
| 9 | റുഷ്ന. എം.കെ | HTV | F | |

## 2018-19

| Class | Boys | Girls | Total |
|---|---|---|---|
| I | 21 | 28 | 49 |
| II | 21 | 12 | 33 |
| III | 23 | 24 | 47 |
| IV | 22 | 27 | 49 |
| Total | 87 | 91 | 178 |

## 2019-20

| Class | Boys | Girls | Total |
|---|---|---|---|
| I | 13 | 11 | 24 |
| II | 21 | 28 | 49 |
| III | 21 | 13 | 34 |
| IV | 23 | 25 | 48 |
| Total | 78 | 77 | 155 |

## 2020-21

| Class | Boys | Girls | Total |
|---|---|---|---|
| I | 24 | 14 | 38 |
| II | 15 | 12 | 27 |
| III | 21 | 27 | 48 |
| IV | 21 | 13 | 34 |
| Total | 81 | 66 | 144 |

## 2021-22

| Class | Boys | Girls | Total |
|---|---|---|---|
| I | 24 | 20 | 44 |
| II | 26 | 19 | 45 |
| III | 15 | 12 | 27 |
| IV | 23 | 26 | 49 |
| Total | 88 | 77 | 165 |

## 2022-23

| Class | Boys | Girls | Total |
|---|---|---|---|
| I | 22 | 19 | 41 |
| II | 23 | 20 | 43 |
| III | 27 | 20 | 47 |
| IV | 15 | 12 | 27 |
| Total | 87 | 71 | 158 |

## 2023-24

| Class | Boys | Girls | Total |
|---|---|---|---|
| I | 23 | 16 | 39 |
| II | 23 | 19 | 42 |
| III | 22 | 21 | 43 |
| IV | 26 | 18 | 42 |
| Total | 95 | 74 | 169 |

Scanned with OKEN Scanner

| 2024-25 | | | | 2025-26 | | | |
|---|---|---|---|---|---|---|---|
| ക്ലാസ് | ആൺ | പെൺ | ആകെ | ക്ലാസ് | ആൺ | പെൺ | ആകെ. |
| I | 18 | 27 | 45 | I | 18 | 23 | 41 |
| II | 20 | 19 | 39 | II | 20 | 25 | 45 |
| III | 22 | 15 | 37 | III | 18 | 17 | 35 |
| IV | 22 | 21 | 43 | IV | 22 | 17 | 39 |
| Total | 82 | 82 | 164 | Total. | 78 | 82 | 160 |

## അക്കാദമികം

* ഭാഷാ ശേഷി വികസനം
* ഗണിത ശേഷി വികസനം
* ഇംഗ്ലീഷ് പഠന പരിപോഷണം
* ലൈബ്രറി ശാക്തീകരണം
* സാഹിത്യ പോഷണ പരിപാടികൾ
* പഠനയാത്രകൾ
* കലാ- കായിക മേള
* ഐ.ടി പരിശീലനം
* ക്ലാസ് പി.ടി.എ. സജീവമാക്കൽ
* എസ്.ആർ.ജി. ശാക്തീകരണം.
* ടേം മൂല്യനിർണയം.
* നിരന്തര വിലയിരുത്തൽ
* ദിനാചരണം.

## ഭൗതികം

* ചുറ്റുമതിൽ, ഗേറ്റ്
* കളിസ്ഥലം
* ചിൽഡ്രൻസ് പാർക്ക്
* ഓഫീസ് മുറി
* സ്റ്റാഫ് മുറി
* കമ്പ്യൂട്ടർ റൂം
* ലൈബ്രറി
* ഡൈനിംഗ് ഹാൾ
* കുടിവെള്ള വിതരണം
* ടോയ്‌ലറ്റ്
* ജന്മദിനത്തിനൊരു പുസ്തകം
* ചിത്രരചന
* എന്റെ വീട്ടിലും കൃഷി തോട്ടം
* ഗണിതോത്സവം
* മെട്രിക് മേള

## സാമൂഹികം

* പി.ടി.എ. ശക്തിപ്പെടുത്തൽ
* S.M.C കാര്യക്ഷമമാക്കൽ
* വിദ്യാലയ വികസന പദ്ധതി
* പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
* ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ
* വിദ്യാഭ്യാസ പ്രവർത്തകർ
* വ്യവസായ ഗ്രൂപ്പുകളുടെ സേവനം പ്രയോജനപ്പെടുത്തൽ

Scanned with OKEN Scanner

## ഉണരും മലയാളം

ഓരോ വിദ്യാർത്ഥിയുടേയും കഴിവുകളും അഭിരുചികളും വികസിപ്പിച്ചെടുത്ത് അവരെ മികവിലേക്കുയർത്താൻ സാധിച്ചാലേ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണമാവൂ. ഭാഷയിൽ പ്രയാസം നേരിടുന്ന ഓരോ കുട്ടിക്കും അവർക്കാവശ്യമായ പഠനാനുഭവങ്ങൾ നൽകേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി പ്രയാസ മേഖലകൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി മുഴുവൻ രക്ഷിതാക്കളുടേയും അധ്യാപകരുടേയും സഹകരണം ആവശ്യമാണ്. പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്താനും അവരെ മുൻനിരയിലെത്തിക്കാനും ഈ പരിപാടി അവസരമൊരുക്കുമെന്ന പ്രതീക്ഷയോടെ

### ലക്ഷ്യങ്ങൾ

* എല്ലാവർക്കും എഴുത്തും വായനയും
* എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക.
* കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള
* കഴിവ് കുട്ടികളിൽ വളർത്തുക.
* ലൈബ്രറി പ്രവർത്തനം പരിചയപ്പെടുക.
* വായനയിലൂടെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക.
* ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ
* വായന എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക.
* വായനാ സാമഗ്രികൾ കണ്ടെത്തുക വികസിപ്പിക്കുക
* വായന കൂട്ടം, എഴുത്തു കൂട്ടം.
* സർഗാത്മകത പരിപോഷിപ്പിക്കാൻ ടീച്ചറുടെ കഥപറയൽ

Scanned with OKEN Scanner

പ്രവർത്തനങ്ങൾ

* വിജയ സ്പർശം
* പ്രീടെസ്റ്റ് നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തി
അക്ഷരം ഉറപ്പിക്കൽ
അടയാളങ്ങൾ ഉറപ്പിക്കൽ
ചിത്ര സഹായത്താൽ അടയാളങ്ങൾ. ചിഹ്നങ്ങൾ എന്നിവ
ഉറപ്പിക്കൽ
അക്ഷര കാർഡ് വാക്കുകൾ എഴുതിയ കാർഡ്
അക്ഷര കാർഡുകൾ വാക്കുകൾ രൂപീകരിക്കൽ വാക്കുകൾ
ഉപയോഗിച്ച് വാക്യങ്ങൾ രൂപീകരിക്കൽ
കഥ ബാക്കി പറയൽ - എഴുതൽ - ഒരു കഥയുടെ കുറച്ചു
ഭാഗം പറയുന്നു, ബാക്കി പറയിപ്പിക്കുന്നു.
കഥാ പുസ്തകം നൽകൽ - വായന കുറിപ്പ് തയ്യാറാക്കൽ
സി.ഡി പ്രദർശനം ഓരോ ചിത്രത്തെയും കുറിച്ച്
എഴുതാൻ അവസരം.
ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ
ക്ലാസിലെ മുഴുവൻ കുട്ടികളെയും അഞ്ചു പേരടങ്ങുന്ന
ഗ്രൂപ്പാക്കുന്നു. എന്തു പുസ്തകം വായിക്കാം? വായനക്കുറിപ്പ്
പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം? ചർച്ച. വായന
കുറിപ്പ്, അസംബ്ലി. പത്രവായന, വിവിധ പത്രങ്ങൾ ക്ലാ
സിൽ ലഭ്യമാക്കൽ, പത്ര ക്വിസ്, വാർത്ത തയ്യാറാക്കൽ
പുതിയ അറിവ് കണ്ടെത്തൽ, വായന, എഴുത്ത്, പത്രം
തയ്യാറാക്കൽ [പാഠപുസ്തകവുമായി ബന്ധപ്പെട്ടവ,
ഇന്നത്തെ ചിന്താവിഷയം, ഒരു ദിനം, ഒരറിവ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും ലഘുവാക്യങ്ങൾ എഴുതൽ വായിക്കൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കൽ | പഠനോപകരണ ശിൽപശാല (ഓരോ യൂണിറ്റിലും സചിത്ര നോട്ടുബുക്ക്, വായനോത്സവം, രചനോത്സവം, സംയുക്ത ഡയറി എല്ലാ കുട്ടികൾക്കും പാഠങ്ങളിൽ നിന്ന് ബാലസാഹിത്യ കൃതികളിലേക്ക് പഠന പുരോഗതി വിലയിരുത്തൽ. തുടർപ്രവർത്തനാസൂത്രണം. | 2024 ജൂൺ മുതൽ മാർച്ച് 2025 വരെ | class teacher | കുട്ടികൾക്കു വേണ്ട കളർ പേപ്പർ വർക്ക് ഷീറ്റുകൾ എന്നിവ വാങ്ങുന്നതിന് 2500 രൂപ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്, അക്ഷര ഉറപ്പിക്കൽ, അക്ഷര കാർഡുകൾ, പദകാർഡുകൾ. വാക്കുകൾ നിർമിക്കൽ, ചിത്രം നോക്കി കഥ പറയൽ, കഥയുടെ ബാക്കി എഴുതൽ, കഥാപുസ്തകം നൽകൽ | ആഗസ്റ്റ് സെപ്റ്റംബർ | HM Class teacher | പുസ്തകങ്ങൾ |
| | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ, വായനമൂല. ക്ലാസ് ലൈബ്രറി. സ്കൂൾ ലൈബ്രറി നവീകരണം, വായനോത്സവം സംഘടിപ്പിക്കൽ, ആനുകാലിക പ്രസിദ്ധീകരണങ്ങളും | 6 മാസം | HM Teacher Srg convenor | പുസ്തകങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ 5000/- |
| | വായനാദിനാചരണങ്ങൾ ക്വിസ്, റോൾ പ്ലേ, കയ്യെഴുത്ത് മാസിക വർക്ക് ഷീറ്റുകൾ, ബാലസഭ, ഇൻലന്റ് മാഗസിൻ, വ്യക്തിഗത രചന. സംഘരചന രചയിതാക്കളെ പരി [illegible] | 1 വർഷം | Srg Convenor teacher | 12000/- |

Scanned with OKEN Scanner

ആമുഖം - ഗണിതം മധുരം

നമ്മുടെ നിത്യജീവിതത്തിൽ സർവ്വ മേഖലകളിലും ഗണിതം സ്വാധീനം ചെലുത്തുന്നുണ്ട്. ജീവിതത്തിൽ നിന്നും ഗണിതത്തെ മാറ്റി നിർത്താനാവില്ല. എല്ലാ ശാസ്ത്രങ്ങളുടെയും ശാസ്ത്രം ഗണിത ശാസ്ത്രമാണല്ലോ. കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ കഴിവുകളെ പരിപോഷിപ്പിക്കാൻ ഗണിത പഠനത്തിലൂടെ സാധിക്കും. ഗണിതപഠനം വളരെ രസകരവും ആസ്വാദ്യകരവുമാക്കാൻ ക്ലാസ്റൂം പ്രവർത്തനത്തിലൂടെ സാധിക്കണം.

പല കുട്ടികൾക്കും ഗണിതത്തോട് ഭയമാണ്. അതുകൊണ്ടുതന്നെ അത് രസകരവും ആസ്വാദ്യവുമായെങ്കിൽ മാത്രമേ മുഴുവൻ കുട്ടികളെയും പഠനനേട്ടങ്ങളെ വരിച്ച് ലക്ഷ്യപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കൂ. രസകരവും താത്പര്യജനകവുമായ എളുപ്പ വഴികളിലൂടെയും നിരീക്ഷണാനുഭവങ്ങളിലൂടെയും കൃത്യമായ കണക്കുകൂട്ടലുകളിലൂടെയും നടപ്പാക്കിയാൽ ഗണിതം മധുരമാക്കാൻ സാധിക്കും.

നേട്ടങ്ങൾ

മുൻവർഷങ്ങളിൽ ശാസ്ത്രമേളയോടനുബന്ധിച്ചുള്ള ഗണിത ക്വിസ്സിൽ സബ്ജില്ലാ തലത്തിൽ ഒന്നാം സ്ഥാനവും ജില്ലാ തലത്തിൽ പോയിന്റുകളും നേടി.

സഹായങ്ങൾ

ഗണിതപഠനത്തിൽ മുൻപന്തിയിലുള്ള കുട്ടികൾ പിന്നോക്കമുള്ള കുട്ടികൾക്ക് സഹായം നൽകി. [ഒഴിവുസമയങ്ങളിൽ] കുട്ടികൾക്ക് ഗണിത പ്രവർത്തനങ്ങളിൽ താത്പര്യവും മനക്കണക്കിൽ പ്രാവീണ്യവും നേടാനും സാധിച്ചു. ഗുണന വസ്തുത കേളി നടത്തി.

## പരിമിതി.

ഐ.സി.ടി സാധ്യത വേണ്ടരീതിയിൽ ഉപയോഗിക്കാൻ സാധിച്ചില്ല.

എല്ലാ കുട്ടികൾക്കും എല്ലാ ശേഷികളും നേടാനാവുന്നില്ല.

പാഠ്യപ്രവർത്തനങ്ങൾക്കാവശ്യമായ സമയക്കുറവ്

സമയക്കുറവുമൂലം തൈപ്രേണി ഫലപ്രദമാക്കാൻ സാധിക്കുന്നില്ല.

## പ്രയാസങ്ങൾ

പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാനുള്ള കഴിവ്. ഏതു ക്രിയയാണ് ഉപയോഗിക്കേണ്ടതെന്നറിയില്ല. ഗണിതാശയങ്ങൾ മനസ്സിലാക്കാനുള്ള പ്രയാസം ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ സാധിക്കുന്നില്ല.

## അധ്യാപകർ

കൃത്യസമയത്ത് പാഠഭാഗങ്ങൾ തീർക്കാൻ പ്രയാസം. ഭിന്ന നിലവാരക്കാരെ കണ്ടെത്തി പ്രത്യേകം പ്രവർത്തനങ്ങൾ നൽകാനുള്ള പ്രയാസം.

## രക്ഷിതാക്കൾ

പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്കൂളിനെ സമീപിക്കുന്നില്ല.

ഓരോ വീട്ടിലും പഠനാന്തരീക്ഷം വ്യത്യസ്തമാണ്. ക്ലാസ് പി.ടി.എ കളിൽ വേണ്ടത്ര ഇടപെടുന്നില്ല.

## വിജയസ്പർശം പദ്ധതി.

വിജയസ്പർശം പദ്ധതികൊണ്ടുദ്ദേശിക്കുന്നത് 2-ാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെ ഭാഷ, ഗണിതം, ഇംഗ്ലീഷ് എന്നി വിഷയങ്ങളിൽ വായിക്കാനും എഴുതാനും പ്രയാസമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട പിന്തുണ നൽകുക എന്നതാണ്. മലപ്പുറം ജില്ലയിൽ മാത്രം നടത്തി വരുന്ന ഒരു പരിപാടിയാണ്.

## ലക്ഷ്യങ്ങൾ

ഭാഷ, ഗണിതം, ഇംഗ്ലീഷ് എന്നിവിഷയങ്ങളിൽ എഴുത്തും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കൽ

* സർഗ്ഗാത്മകത വികസിപ്പിച്ചെടുക്കൽ
* കുട്ടികളെ സ്വതന്ത്രവായനക്കാരാക്കി മാറ്റൽ

പ്രവർത്തനങ്ങൾ

* തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ 3.15 മുതൽ 4.15 വരെ ഓരോ ക്ലാസുകാരും അതാതു ക്ലാസിലെ കണ്ടെത്തിയ കുട്ടികൾക്ക് ക്ലാസുകൾ നൽകൽ
* ഓരോ കുട്ടിക്കും ഇതിനായി പ്രത്യേകം നോട്ടുബുക്കുകൾ വേണം.
* കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്താനായി അധ്യാപകരും പ്രത്യേകം നോട്ടുബുക്കുകൾ സൂക്ഷിക്കണം.
* ആഴ്ചയിൽ ഒരിക്കൽ SRG കൂടി കുട്ടികളുടെ നിലവാരം ചർച്ച ചെയ്യണം.
* രക്ഷിതാക്കളുടെ യോഗം വിളിച്ച് കുട്ടികളുടെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുകയും പുരോഗതി വിലയിരുത്തുകയും വേണം.

ലക്ഷ്യങ്ങൾ

* ഭാഷ, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ എഴുത്തും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കൽ.

Scanned with OKEN Scanner